# റോണ്ടേവൂ 2K 24 ന് ആവേശകരമായ സമാപനം

നാലാഞ്ചിറ സർവോദയ വിദ്യാലയത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച റോണ്ടേവൂ 2K24 ആവേശകരമായി സമാപിച്ചു. പ്രശസ്ത ടി വി അവതാരകൻ രാജേഷ് കേശവ് ഫെസ്റ്റിന്റെ ഉദ്ഘാടനം നിർവഹിച്ചു. പൂർവ്വ വിദ്യാർഥിയും അഭിനേത്രിയുമായ ഡിനി എലിസബത്ത് ഡാനിയേൽ മുഖ്യാതിഥിയായിരുന്നു. തിരുവനന്തപുരം ജില്ലയിലെ 11 വിദ്യാലയങ്ങൾ പങ്കെടുത്ത ഫെസ്റ്റിൽ ഏറ്റവും കൂടുതൽ പോയിന്റുകൾ നേടി സരസ്വതി വിദ്യാലയ ഒന്നാം സ്ഥാനവും ലക്കോൾ ചെമ്പക സിൽവർ റോക്ക് രണ്ടാം സ്ഥാനവും കരസ്ഥമാക്കി. ഫെസ്റ്റിന്റെ ഭാഗമായി ആർച്ച് ബിഷപ്പ് മാർ ഗ്രിഗോറിയോസ് സ്നേഹവീട് ചാരിറ്റബിൾ സൊസൈറ്റിക്ക് കരുതൽ സഹായം സർവോദയ വിദ്യാലയ പ്രിൻസിപ്പൽ പ്രൊഫ. ഡോ. ഷേർളി സ്റ്റുവർട്ട്, ബർസാർ റവ. ഫാ. ജോൺ മുരുപ്പേൽ എന്നിവർ ചേർന്ന് ഡയറക്ടർ റവ. ഫാ. ജോർജ് ജോഷ്വാക്ക് കൈമാറി. സ്റ്റാർ സിംഗർ ഫെയിം ശ്രീനാഥ് നയിച്ച സംഗീതവിരുന്ന് ഫെസ്റ്റിന് മിഴിവേകി.